**<u>തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Dr. Dinesan Cheruvat IAS)**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– പ്ലാനിംഗ് വിഭാഗം - ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II/ ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് II തസ്തികയിൽ നിന്നും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ ടൗൺ പ്ലാനിംഗ് സർവേയർ ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം/നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഉത്തരവ് നമ്പർ LSGD/PD/61008/2023-DEE3 തീയതി:20-06-2025</u>**

പരാമർശം:

1) സർക്കാറിന്റെ 19/10/2007 ലെ ജി ഒ(പി) നം.515/07/ഫിൻ നമ്പർ ഉത്തരവ്
2) മുഖ്യ നഗരാസൂത്രകന്റെ 18.11.2022 ലെ TCPCTP/1922/2021-A1 നമ്പർ ഉത്തരവ് നടപടികൾ
3) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024 ലെ LSGD/PD/14667/2024-GEA-4 നമ്പർ ഉത്തരവ് നടപടികൾ
4) തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ 09.06.2025 ലെ LSGD/PD/17993/2025-DEE3 നമ്പർ ഉത്തരവ് നടപടികൾ

**<u>ഉത്തരവ്</u>**

പ രാമർശം (2) പ്രകാരം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II /ടൌൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിച്ചതും പരാമർശം (3) സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ 16 ആയിട്ടുള്ള ശ്രീമതി.ശ്വേത എസ് എന്നിവർ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II / ടൌൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് II തസ്തികയിലെ നിരീക്ഷണ കാലം പരാമർശം (4) വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ Draftsman Grade I/Town planning Surveyor Grade I തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ശ്രീലക്ഷ്മി ജെ എസ് 03/06/2025 AN ൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തത് മുഖേന 04/06/2025 FN ൽ ടി തസ്തികയിൽ 1 ഒഴിവ് നിലവിൽ വന്നിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II / ടൌൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് II തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ഏറ്റവും സീനിയറായ ശ്രീമതി.ശ്വേത എസ് എന്ന ജീവനക്കാരിയെ **37400-79000/-** രൂപ ശമ്പള സ്കെയിലിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I /ടൌൺ പ്ലാനിംഗ് സർവ്വേയർഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗകയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനി യോരിറ്റി നമ്പർ | ജീവനക്കാരിയുടെ പേര് | നിലവിലെ കാര്യാലയം | ഉദ്യോഗക്കയറ്റം നൽകുന്ന ഓഫീസ് | ഒഴിവ് നിലവിൽ വന്ന തീയതി | ഉദ്യോഗക്കയറ്റത്തിന് നൽകുന്ന പ്രാബല്യ തീയതി |
|---|---|---|---|---|---|---|
| 1 | 16) | SWETHA.S | O/O The Joint Director Ernakulam Dist | O/O The Joint Director Palakkad Dist | 03.06.2025 AN | 04.06.2025 FN |

ഈ ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ കെ. എസ് & എസ്. എസ്. ആർ- ലെ ബന്ധപ്പെട്ട നിയമനങ്ങൾക്ക് വിധേയമായിട്ടായിരിക്കും മേൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് കെ എസ്. ആർ. പാർട്ട് 1 ലെ ചട്ടം 28A പ്രകാരം ശമ്പള നിർണയത്തിന് അർഹത ഉണ്ടായിരിക്കും. ശമ്പള നിർണ്ണയം മൂലമുള്ള സാമ്പത്തിക ആനുകല്യം സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന് വിധേയമായിരിക്കും .ടി ഉത്തരവ് തികച്ചു താൽക്കാലികവും പുന:പരിശോധനക്ക് വിധേയവുമായിരിക്കും. മേൽ പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയെ വിടുതൽ ചെയ്ത്, ജോലിയിൽ പ്രവേശിപ്പിച്ച വിവരം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ യഥാസമയം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signed by
Dinesan Cheruvat
Date: 20-06-2025 19:44:46

Dr. Dinesan Cheruvat IAS
DIRECTOR (RURAL)

പകർപ്പ് :
1. ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക്( നിയന്ത്രണാധികാരി മുഖേന)
2. തദ്ദേശ സ്വയംഭരണ ജില്ലാ ജോയിന്റ് ഡയറക്ടർ, എറണാകുളം, പാലക്കാട്
3. സൂപ്രണ്ട് IE സെക്ഷൻ
4. സിസ്റ്റം സൂപ്രവൈസർ,വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി